**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്ത് മുതൽമുടക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തെ ഇന്ത്യയുടെ ഹബ്ബായി മാറ്റുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് നേടിയ മികവിന്റെ റെക്കോർഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ നിലവാരത്തെ അളക്കുന്ന ആഗോള സർവ്വകലാശാലാ റേറ്റിംഗുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ ബഹുദൂരം മുന്നിലേയ്ക്ക് നയിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ട തായിട്ടുണ്ട്. അതുപോലെ തന്നെ, പഠന ഗവേഷണത്തോടുള്ള സമീപനത്തിലും അടിമുടി മാറ്റം വേണം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി, താഴെപ്പറയുന്ന ആറ് സുപ്രധാന നടപടികൾ കേരള ബഡ്ജറ്റ് 2021-22 മുന്നോട്ടുവെച്ചിട്ടുണ്ട്. 1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ, 2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അധ്യാപകരുടെ നിയമനം, 3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ, 4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ, 5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം, 6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ആവിഷ്ക്കരിച്ച പദ്ധതികളും പ്രോഗ്രാമുകളും ചുവടെ ചേർക്കുന്നു. 1) കരിക്കുലം പരിഷ്കരണം 2) ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്വേറ്റ് ആടിബ്യൂട്ടുകളും (GA) 3) ക്രോസ് - ഡിസ്പ്ളിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy |

| | | | |
|---|---|---|---|
| | | | Campaign 2020) 4) സാക്ക് (SAAC – State Assessment & Accreditation Centre) 5) ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ (FDC) 6. കൈരളി ഗവേഷണ പുരസ്കാരങ്ങൾ 7. ചാൻസിലേഴ്സ് അവാർഡ് 8. എറുഡൈറ്റ് പദ്ധതി 9. ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ 10. കാൾ നെറ്റ് 11. സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം രൂപീകരണം (State Level E Journal Consortium) 12. കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം |
| (ബി) | ഉന്നതവിദ്യാഭ്യാസ രംഗത്ത് മുതൽമുടക്കുവാൻ ഉദ്ദേശിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) | വിജ്ഞാനോല്പാദനം ഇന്നവേഷൻ-സായി രൂപാന്തരപ്പെടണം. സമൂഹത്തിലെ പുതിയ അറിവുകൾ സാമ്പത്തിക മേഖലയിലെ സങ്കേതങ്ങളോ, പ്രക്രിയയോ, സംഘാടനമോ, ഉത്പന്നമോ, വിപണനമോ ആയി രൂപാന്തരം പ്രാപിക്കുന്നതാണ് ഇന്നവേഷൻ അല്ലെങ്കിൽ നൂതനവിദ്യ. എല്ലാ മേഖലകളിലും ഇന്നവേഷൻ സന്നിവേശിപ്പിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി ഒരു നാലിന കർമ്മപരിപാടി 2021-22 ബഡ്ജറ്റ് മുന്നോട്ട് വെയ്ക്കുന്നു. ഒന്ന്. തങ്ങളുടെ പ്രദേശത്തെ കൃഷി, വ്യവസായം, സേവനം, വ്യാപാരം തുടങ്ങിയ മേഖലകളിലെ ഏതെങ്കിലും ഒരു പ്രശ്നത്തിന് നൂതന സങ്കേതത്തിൻറെ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുന്ന ഏതൊരാൾക്കും തങ്ങളുടെ നൂതന വിദ്യ അപ്ലോഡ് ചെയ്യുന്നതിന് ഡിജിററൽ പ്ലാറ്റ്ഫോം ഉണ്ടാകും. കെ-ഡിസ്ക് ഇങ്ങനെ വരുന്ന നൂതന ആശയങ്ങളെയും വിദ്യകളെയും തരംതിരിക്കുകയും അതത് മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ വിലയിരുത്തുകയും ചെയ്യും. അടുത്ത ഘട്ടത്തിൽ സ്റ്റാർട്ട് അപ് മിഷനും കേരള ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ മിഷനും ചേർന്ന് ഈ ഇന്നവേഷൻസിനെ ഗ്രേഡ് ചെയ്ത് അവ പ്രോഡക്ടുകളായി വികസിപ്പിക്കുന്നതിനുള്ള ധനസഹായവും മെൻററിംഗും ഉറപ്പാക്കും. രണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ കെ-ഡിസ്ക് നടപ്പാക്കിയ യംഗ് ഇന്നവേഷൻ ചലഞ്ചും അസാപ്പിൻറെ ഹാക്കത്തോണും സംയോജിപ്പിച്ച് കേരള ഇന്നവേഷൻ ചലഞ്ച് എന്ന പേരിൽ വിപുലീകരിക്കുകയാണ്. 20 മേഖലകളിൽ മൂന്നു ഘട്ടങ്ങളിലായിട്ടാണ് ചലഞ്ച് സംഘടിപ്പിക്കുന്നത്. കേരളത്തിലെ ഏത് വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും സംഘങ്ങൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷനുശേഷം ബന്ധപ്പെട്ട ഡൊമൈൻ കേന്ദ്രങ്ങളിൽ അപേക്ഷകൾ വിശദമായി പരിശോധിക്കും. ഇവിടെ ഷോർട്ട് ലിസ്റ്റ് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നവർക്ക് ജില്ലാതലത്തിൽ നേരിട്ട് അവതരണമുണ്ടായിരിക്കും. 25000 രൂപ വീതം 8000 സംഘങ്ങൾക്ക് സമ്മാനം നൽകും. മൂന്ന്. കേരളത്തിലെ പ്രാദേശിക സർക്കാരുകൾ സ്കീമുകളല്ല, പ്രോജക്ടുകളാണ് നടപ്പാക്കുന്നത്. അതുകൊണ്ട് നൂതന സങ്കേതങ്ങളും രീതികളും ഉപയോഗപ്പെടുത്തുന്നതി നുള്ള സ്വാതന്ത്ര്യം വളരെയേറെയുണ്ട്. ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി വികസന ഫണ്ടിൻറെ അര ശതമാനം "എസ്ഡി സെൻ ഇന്നവേഷൻ ഫണ്ട്" ആയി മാറ്റിവെയ്ക്കുന്നതാണ്. കെ-ഡിസ്കിന്റെയും കിലയുടെയും ആഭിമുഖ്യത്തിൽ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന സ്കീം വിപുലീകരിച്ച് ഓരോ വികസന മേഖലയിലും ഏറ്റവും മികച്ച നൂതനമായ പ്രോജക്ടുകൾക്ക് രൂപം നൽകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടിൽ നിന്ന് പ്രത്യേക ധനസഹായം നൽകും. നാല്. സർക്കാർ വകുപ്പുകളിൽ സ്റ്റാർട്ട് അപ്പ് ഇന്നവേഷൻ സോണുകൾ ആരംഭിക്കും. വകുപ്പുമായി ബന്ധപ്പെട്ട വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സ്റ്റാർട്ട് അപ്പുകളെ ബോധപൂർവ്വം ബന്ധപ്പെടുത്തുന്നതിനുള്ള പരിപാടിയാണിത്. |

സെക്ഷൻ ഓഫീസർ